**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 924** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>മലയോര ഹൈവേ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽപ്പെട്ട നിർദ്ദിഷ്ട മലയോര ഹൈവേയിലെ വിലങ്ങന്നൂർ മുതൽ വെള്ളിക്കളങ്ങര വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് / ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 20.03.2022-ൽ 136.499 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകി. ഇതിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന 5.50 കി.മീ. നീളത്തിലുള്ള പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch 14/514 to 20/ 014) വരെയുള്ള റോഡിന് 24.10.2025 ൽ 44.52 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 28.10.2025 തീയതിയിൽ ടെൻഡർ ചെയ്തു. ടെൻഡറിൽ M/s ബാബ് കൺസ്ട്രക്ഷൻസ് ഇന്ത്യ ലിമിറ്റഡ് എന്ന കരാർ കമ്പനിയാണ് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്തത്. (L1) ബിഡ്ഡർ) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് 10% വരെ വില മുൻഗണന (Price Preference) നൽകിയിട്ടുള്ളത് പരിഗണിച്ച് M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ (ULCCS) L1 ബിഡ്ഡറായി പരിഗണിച്ചു. 19.01.2026-ന് ചേർന്ന 65-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റി, LMR എസ്റ്റിമേറ്റ് തുക സ്വീകാര്യ തുകയായി അംഗീകരിച്ചു. M/s ULCCS ക്വോട്ട് ചെയ്ത തുക ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച തുകയേക്കാൾ കൂടുതൽ ആയിരുന്നു. നെഗോഷ്യേറ്റ് ചെയ്തെങ്കിലും M/s ULCCS ക്വോട്ട് ചെയ്ത തുക കുറയ്ക്കാൻ തയ്യാറായില്ല. L1 ബിഡ്ഡർ അവരുടെ ക്വോട്ടഡ് നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്ത പക്ഷം പ്രവൃത്തി റീ -ടെൻഡർ ചെയ്യണമെന്ന് ടെൻഡർ അപ്രൂവൽ കമ്മിറ്റി ശുപാർശ ചെയ്തതിനെതിരെ M/s ബാബ് കൺസ്ട്രക്ഷൻസ് ഇന്ത്യ ലിമിറ്റഡ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) No.8228/2026 ൽ ബഹു. ഹൈക്കോടതി 17.03.2026-ൽ പുറപ്പെടുവിച്ച വിധി പ്രകാരം, M/s ബാബ് കൺസ്ട്രക്ഷൻസ് ഇന്ത്യ ലിമിറ്റഡിനെ L1 ബിഡറായി പരിഗണിച്ച് ടെൻഡർ നടപടികൾ തുടരുവാൻ ഉത്തരവായിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടുത്ത ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**